**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1472** **30-08-2022 - ൽ മറുപടിയ്ക്ക്**

**നദീതീരങ്ങളിൽ താമസിക്കുന്ന കുടുംബങ്ങൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സജി ചെറിയാൻ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | നദീതീരങ്ങളിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് പ്രളയം മൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; വ്യക്തമാക്കാമോ; | (എ) | നദീതീരങ്ങളിൽ താമസിക്കുന്ന കുടുംബങ്ങൾക്ക<br>പ്രളയം മൂലം ജീവഹാനി സംഭവിക്കുന്നത<br>തടയുന്നതിനായി മഴ മുന്നറിയിപ്പ<br>ലഭിക്കുന്നതനുസരിച്ച് കുടുംബങ്ങളെ<br>സുരക്ഷിതമായി ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്ക<br>മാറ്റുകയും അവർക്ക് ആവശ്യമായ ഭക്ഷണ<br>സാധനങ്ങളും മറ്റും ലഭ്യമാക്കുകയും<br>ചെയ്യുന്നുണ്ട്. സംസ്ഥാനത്ത് പ്രകൃതി<br>ദുരന്തത്തിൽപ്പെട്ടവർക്കുള്ള നഷ്ടപരിഹാരം<br>കണക്കാക്കുന്നത് SDRF /NDRF -ൽ<br>നിന്നുള്ള ദുരിതാശ്വാസ സഹായത്തിന്റെ<br>മാനദണ്ഡങ്ങളും ഇനങ്ങളും അനുസരിച്ചാണ്<br>ഇതനുസരിച്ച് പ്രകൃതിക്ഷോഭത്തിൽ മരിച്ച<br>വ്യക്തിയുടെ കുടുംബത്തിന് ദുരിതാശ്വാസ<br>സഹായമായി നാല് ലക്ഷം രൂപയും, മലയോര<br>പ്രദേശത്തെ പൂർണമായും തകർന്ന വീടിന<br>1,01,900 രൂപയും സമതല പ്രദേശത്തെ<br>വീടിന് 95,100 രൂപയും, നൽകുന്നു. എന്നാൽ<br>സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ<br>നിലവിലെ മാനദണ്ഡ പ്രകാരം അനുവദിക്കുന്ന<br>തുക പരിമിതമായതിനാൽ തീവ്ര ദുരന്ത<br>സാഹചര്യങ്ങളിൽ മുഖ്യമന്ത്രിയുടെ<br>ദുരിതാശ്വാസ നിധിയിൽ നിന്നുള്ള വിഹിതം<br>കൂടി ഉൾപ്പെടുത്തി അധിക ദുരിതാശ്വാസ<br>സഹായമാണ് നൽകുന്നത്. അത് പ്രകാരം<br>മലയോരം /സമതല പ്രദേശത്തെ 75<br>ശതമാനത്തിൽ അധികം തകർന്ന വീടിന് 4<br>ലക്ഷം രൂപ ദുരിതാശ്വാസ സഹായമായി<br>അനുവദിക്കുന്നു. വ്യക്തികൾക്ക് ഉണ്ടാകുന്ന<br>മുറിവുകളുടെയും വീടുകളുടെ കേടുപാടുകളുടെ<br>തോത് അനുസരിച്ചും വിവിധ മാനദണ്ഡങ്ങൾ<br>പ്രകാരം സഹായധനം നിശ്ചയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ചെങ്ങന്നൂർ മണ്ഡലത്തിൽ നിന്നും ആയതിലേക്ക് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; അവയിൽന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദീകരിക്കാമോ? | (ബി) | **കഴിഞ്ഞ കാലയളവിൽ ചെങ്ങന്നൂർ മണ്ഡലത്തിൽ നിന്നും അപേക്ഷകൾ ലഭ്യമായിട്ടില്ല.** |

സെക്ഷൻ ഓഫീസർ